REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 13-08-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ താൽക്കാലിക പുനരധിവാസം ഈ മാസം തന്നെ പൂർത്തിയാക്കുമെന്ന് ഗവൺമെന്റ്.
- അഞ്ചംഗ വിദഗ്ധ സംഘം ഇന്ന് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിയ്ക്കും.
- മനുഷ്യരും വന്യമൃഗങ്ങളും സംഘർഷ രഹിതമായി ജീവിക്കുന്നതിന് അന്തർ സംസ്ഥാന പദ്ധതി തയ്യാറാക്കാൻ ബംഗളൂരുവിൽ ചേർന്ന സംസ്ഥാന മന്ത്രിമാരുടെ യോഗം തീരുമാനിച്ചു.
- P.M ഗതിശക്തി ശേഷി വികസന ശിൽപ്പശാല ഇന്ന് തിരുവനന്തപുരത്ത്.
- ഉന്നത വിദ്യാഭ്യാസ മേഖലയിലെ ദേശീയ റാങ്കിംഗ് പട്ടികയിൽ കേരളത്തിലെ സർവകലാശാലകൾക്കും കലാലയങ്ങൾക്കും മികച്ച നേട്ടം.
- സംസ്ഥാനത്ത് അതിശക്തമായ മഴ നാലു ദിവസം കൂടി തുടരും. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും ഓറഞ്ച് ജാഗ്രത.

## വാർത്തകൾ വിശദമായി

**വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ താൽക്കാലിക പുനരധിവാസം ഈ മാസം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രിസഭാ ഉപസമിതി അംഗങ്ങളായ K.**

രാജനും O.R. കേളുവും  അറിയിച്ചു. പുനരധിവാസം സംബന്ധിച്ചു തെറ്റായതും സംശയം ജനിപ്പിക്കുന്നതുമായ വാർത്തകൾ പ്രചരിപ്പിക്കരുതെന്ന് അവർ കല്പറ്റയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു..

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)......

പുനരധിവാസത്തിന് കണ്ടെത്തിയ കെട്ടിടങ്ങൾ താമസിക്കാൻ പറ്റുന്നതാണോ എന്നതു സംബന്ധിച്ചു ശാസ്ത്രീയ  പരിശോധന നടത്തുമെന്നും മന്ത്രിമാർ അറിയിച്ചു. പുനരധിവാസത്തിന് ഉപയോഗിക്കുന്ന എല്ലാ വീടുകളിലും ആവശ്യമായ ഉപകരണങ്ങൾ ഉറപ്പാക്കും. വാടക സംബന്ധിച്ച നയം ഗവൺമെന്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും അവർ പറഞ്ഞു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂടി അംഗങ്ങളായ ക്യാമ്പ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചായിരിക്കും പുനരധിവാസം സംബന്ധിച്ച കാര്യങ്ങൾ പൂർത്തിയാക്കുക.

കാണാതായവർക്കുവേണ്ടി  തെരച്ചിൽ ഇന്നും മലപ്പുറം ജില്ലയിലെ ചാലിയാറിലെ വിവിധ ഭാഗങ്ങളിൽ നടക്കും.  മുണ്ടേരി ഫാം മുതൽ പരപ്പാൻപാറ വരെ  അഞ്ചു കിലോമീറ്റർ ദൈർഘ്യത്തിലാണ് പരിശോധനകൾ പൂർത്തിയാക്കുക.  ഇന്നലെ നടത്തിയ തെരച്ചിലിൽ നിലമ്പൂരിൽ  നിന്ന് ഒരു മൃതദേഹവും രണ്ടു ശരീരഭാഗങ്ങളും ലഭിച്ചു. ഇതുവരെ 231 മൃതദേഹങ്ങൾ കണ്ടെത്തി. 178 പേരെ തിരിച്ചറിഞ്ഞു. മൃതദേഹങ്ങൾ തിരിച്ചറിയുന്നതിനായി ശേഖരിച്ച ഡി.എൻ.എ. സാമ്പിളുകളുടെ ഫലം  രണ്ടുദിവസത്തിനുള്ളിൽ പൂർത്തിയാകും. കാണാതായവരുടെ 90 ബന്ധുക്കളിൽ നിന്നു  രക്തസാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ഇവ  ക്രോസ് മാച്ച് ചെയ്യുന്നതിനു  നടപടി പുരോഗമിക്കുകയാണെന്നും മന്ത്രിമാർ പറഞ്ഞു.

✪✪✪

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ  ജോൺ മത്തായിയുടെ നേതൃത്വത്തിൽ അഞ്ചംഗ വിദഗ്ധസംഘം ഇന്ന് പരിശോധിക്കും. ദുരന്തപ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലേയും അനുബന്ധ മേഖലകളിലേയും അപകടസാധ്യതകൾ സംഘം വിലയിരുത്തും. ദുരന്തം എങ്ങനെയാവാം നടന്നതെന്നും

ഉരുൾപൊട്ടലിൽ എന്തെല്ലാം പ്രതിഭാസങ്ങളാണു സംഭവിച്ചതെന്നും സംഘം വിലയിരുത്തും. വിദഗ്ധപരിശോധനക്കുശേഷം റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിക്കും.

✪✪✪

ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങളുണ്ടായ വടകര വിലങ്ങാടും സമീപപ്രദേശങ്ങളിലും ശാസ്ത്രീയ പഠനം നടത്താനും തുടർതാമസം സാധ്യമാകുമോ എന്ന് പരിശോധിച്ച് വിശദ റിപ്പോർട്ട് സമർപ്പിക്കാനുമായി ചുമതലപ്പെടുത്തിയ വിദഗ്ധ സംഘം അടുത്ത ചൊവ്വാഴ്ചക്കകം കോഴിക്കോട് ജില്ലാ കലക്ടർക്ക് റിപ്പോർട്ട് നൽകും. സംഘം ഒരാഴ്ചയെങ്കിലും ദുരന്തബാധിത മേഖലകളിൽ സന്ദർശനം തുടരും.

നേരത്തെ ഹസാർഡ് അനലിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ വകുപ്പ്, ജില്ലാ ജിയോളജിസ്റ്റ് എന്നിവർ സംയുക്തമായി പരിശോധന നടത്തി പ്രാഥമിക റിപ്പോർട്ട് നൽകിയിരുന്നു.

✪✪✪

വടകര വിലങ്ങാട് കഴിഞ്ഞ മാസം 30ന് പുലർച്ചെ ഉണ്ടായ ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് രേഖകൾ പുനഃസൃഷ്ടിച്ചു നൽകുന്നതിന് പ്രത്യേക അദാലത്ത് വെള്ളിയാഴ്ച വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിൽ നടക്കും. രാവിലെ 10ന് ആരംഭിക്കുന്ന അദാലത്തിൽ വിവിധ വകുപ്പുകളുടെ 12 ലേറെ കൗണ്ടറുകൾ ഉണ്ടാകും.

പ്രത്യേക അദാലത്ത് വിലങ്ങാട്ടെ ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് വേണ്ടി മാത്രമാണെന്നും മറ്റ് അപേക്ഷകൾ സ്വീകരിക്കില്ലെന്നും അധികൃതർ അറിയിച്ചു.

✪✪✪

ഉത്തര കന്നഡ ജില്ലയിലെ ഷിരൂരിൽ മണ്ണിടിച്ചിലിനെ തുടർന്ന് കാണാതായ ലോറി ഡ്രൈവർ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി തിരച്ചിൽ ഇന്ന് പുനഃരാരംഭിക്കും. സോണാർ ഉപയോഗിച്ച് നാവികസേനയാണ് തിരച്ചിൽ നടത്തുക. രാവിലെ ജില്ലാഭരണകൂടം വിദഗ്ധരെ ഉപയോഗിച്ച് ഗംഗാവലി പുഴയിലെ വെള്ളത്തിന്റെ ഒഴുക്ക് പരിശോധിച്ചതിനു ശേഷമായിരിക്കും തിരച്ചിൽ. പുഴയിൽ ശക്തമായ ഒഴുക്കുണ്ടായതിനെ തുടർന്ന് നേരത്തെ തിരച്ചിൽ നിർത്തിവെക്കുകയായിരുന്നു.

ഇന്നലെ വൈകിട്ട് കാർവാർ ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തിരച്ചിലിന് തീരുമാനമെടുത്തത്.

✪✪✪

ചികിത്സാചെലവോ പ്രകൃതി ദുരന്തം പോലെ അടിയന്തര സാഹചര്യമോ കാരണം ആദ്യ മൂന്നുമാസത്തിനകം നിക്ഷേപകൻ പണം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാൽ നിക്ഷേപത്തുക പൂർണമായും തിരികെ നൽകണമെന്ന് ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളോട് റിസർവ്ബാങ്ക് നിർദ്ദേശിച്ചു. ഇങ്ങനെ പിൻവലിക്കുന്ന തുകയ്ക്ക് പലിശ നൽകില്ലെന്നും RBI അറിയിച്ചു.

നിക്ഷേപകൻ മറ്റേതെങ്കിലും കാരണത്താൽ തുക പിൻവലിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ നിക്ഷേപത്തിന്റെ അമ്പതു ശതമാനം വരെ പലിശയൊന്നും നൽകാതെ ലഭ്യമാക്കാമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി. നിർദേശങ്ങൾ അടുത്ത ജനുവരി മുതൽ പ്രാബല്യത്തിൽ വരുമെന്ന് RBI അറിയിച്ചു.

✪✪✪

മനുഷ്യരും വന്യമൃഗങ്ങളും സംഘർഷ രഹിതമായി ജീവിക്കുന്നതിന് അന്തർ സംസ്ഥാന പദ്ധതികൾ തയ്യാറാക്കാൻ മനുഷ്യ-ആന സംഘർഷ പരിപാലനം സംബന്ധിച്ച് ബാംഗ്ലൂരിൽ ചേർന്ന മന്ത്രിതല യോഗം തീരുമാനിച്ചു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കേരളത്തിന്റെ കർമ്മപദ്ധതി യോഗത്തിൽ അവതരിപ്പിച്ചതായി മന്ത്രി A.Kശശീന്ദ്രൻ അറിയിച്ചു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ വനം വകുപ്പുകൾ സംയുക്തമായി പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കാനും യോഗത്തിൽ തീരുമാനമായി. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ ഭേദഗതിയും സമ്മേളനം ആവശ്യപ്പെട്ടു.

വന്യജീവി സങ്കേതങ്ങളിലെ മഞ്ഞക്കൊന്ന ഉൾപ്പെടെ വൈദേശിക സസ്യങ്ങൾ നീക്കം ചെയ്യുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കും. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ കേന്ദ്രാനുമതി തേടും.

അതീവ പ്രശ്നക്കാരായ ആനകളെ പിടികൂടേണ്ടി വരുമ്പോൾ അവലംബിക്കുന്നതിനായി സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോട്ടോകോൾ തയ്യാറാക്കാനും സമ്മേളനം തീരുമാനിച്ചു.

കർണ്ണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാറും, കേരളം,കർണ്ണാടക, തമിഴ്നാട്, തെലങ്കാന, ഝാർഖണ്ഡ് വനം മന്ത്രിമാരും സമ്മേളനത്തിൽ പങ്കെടുത്തു.

✪✪✪

തിരുവനന്തപുരത്ത് ഇന്ന് P.M ഗതിശക്തി ശേഷി വികസന ശിൽപ്പശാല സംഘടിപ്പിക്കും. കേരളം, കർണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലങ്കാന എന്നിവിടങ്ങളിലെ 14 ജില്ലകൾക്കായാണ് മൂന്നാമത് ജില്ലാതല ശിൽപശാല നടത്തുന്നത്.

P.M ഗതിശക്തിയെ ജില്ലാ/പ്രാദേശിക തലത്തിലേക്ക് വ്യാപിപ്പിക്കാൻ ശ്രമത്തിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് 100 ലധികം ജില്ലകളെ ഉൾപ്പെടുത്തി അഖിലേന്ത്യാ തലത്തിൽ ഏഴ് ശിൽപശാലകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായാണിത്.

മന്ത്രി പി. രാജീവ്, 14 ജില്ലകളിലെയും കളക്ടർമാർ, സംസ്ഥാനത്തെയും കേന്ദ്ര മന്ത്രാലയങ്ങളിലെയും ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

✪✪✪

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ദേശീയ റാങ്കിങ്ങ് പട്ടികയായ National Institutional Ranking Framework ൽ കേരളത്തിലെ സർവ്വകലാശാലകളും കലാലയങ്ങളും മികച്ച പ്രകടനം കാഴ്ച വെച്ചു. മികച്ച സ്റ്റേറ്റ് പബ്ലിക് യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള സർവ്വകലാശാല ഒൻപതും, കൊച്ചിൻ സർവ്വകലാശാല പത്തും, മഹാത്മാ ഗാന്ധി സർവ്വകലാശാല 11- ഉം റാങ്ക് നേടി. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 43-ാം റാങ്കാണ് .

IIT കളും IIM കളും അടക്കം സർവ്വകലാശാലകളുടേയും കേന്ദ്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പൊതു പട്ടികയിൽ കേരള സർവ്വകലാശാല 38 ഉം, കുസാറ്റ് 51 ഉം, മഹാത്മാ ഗാന്ധി സർവ്വകലാശാല 67 ഉം റാങ്ക് നേടി.

രാജ്യത്തെ സർവ്വകലാശാലകളുടെ മാത്രമായ റാങ്കിങ് പട്ടികയിൽ കേരള സർവ്വകലാശാല 21 ഉം, കുസാറ്റ് 34 ഉം, മഹാത്മാ ഗാന്ധി സർവ്വകലാശാല 37 ഉം റാങ്ക് നേടി. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 89-ാം റാങ്കാണ്.

കോളേജുകളുടെ പട്ടികയിൽ ആദ്യ 100 ൽ 16 കോളേജുകളും ആദ്യ 200 ൽ 42 കോളേജുകളും ഉൾപ്പെട്ടിട്ടുണ്ട്.

✪✪✪

ദേശീയ റാങ്കിംഗിൽ N.I.T കാലിക്കറ്റ് ഒന്നിലധികം വിഭാഗങ്ങളിൽ മികച്ച നേട്ടം കൈവരിച്ചു. ആർക്കിടെക്ചർ & പ്ലാനിംഗ്, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് എന്നീ മേഖലകളിലാണ് മികച്ച അംഗീകാരം നേടിയത്.

ആർക്കിടെക്ചറിൽ NIT കാലിക്കറ്റ് അഖിലേന്ത്യാ തലത്തിൽ മൂന്നാം സ്ഥാനത്തെത്തി.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യത. അടുത്ത നാല് ദിവസം കൂടി ശക്തമായ മഴ ലഭിയ്ക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ് . ഇടിമിന്നലോട് കൂടിയ മഴയ്ക്ക് ഈ ദിവസങ്ങളിൽ സാധ്യതയുണ്ട്. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും ഓറഞ്ച് ജാഗ്രതയാണ് . തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, കാസർഗോഡ് ഒഴികെ എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു .

വെള്ളിയാഴ്ച്ച വരെ കേരളാ ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യത. അടുത്ത നാല് ദിവസം കൂടി ശക്തമായ മഴ ലഭിയ്ക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ് . ഇടിമിന്നലോട് കൂടിയ മഴയ്ക്ക് ഈ ദിവസങ്ങളിൽ സാധ്യതയുണ്ട്. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും ഓറഞ്ച് ജാഗ്രതയാണ് . തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം,

കാസർഗോഡ് ഒഴികെ എട്ട്  ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു .

വെള്ളിയാഴ്ച്ച വരെ  കേരളാ ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കൃഷിയിലും അനുബന്ധമേഖലകളിലും കർഷകർക്കും സംരംഭകർക്കും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ സഹായകമാകുന്ന പദ്ധതിയാണ് പുനർജീവനമെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. കുടുംബശ്രീയും കേന്ദ്ര കിഴങ്ങുവിള കേന്ദ്രവും സംയുക്തമായി അട്ടപ്പാടിയിൽ സംഘടിപ്പിക്കുന്ന 'പുനർജീവനം'- സംരംഭകത്വ വികസന പരിശീലന പരമ്പരയുടെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹി ക്കുകയായിരുന്നു അദ്ദേഹം.

കാർഷിക മേഖലയിലെ ഉപജീവന സാധ്യതകൾ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ മുഖേന കേരളത്തിലുടനീളം ആരംഭിക്കുന്ന സംരംഭകത്വ വികസന പരിശീലന പരമ്പരയാണ് പുനർജീവനമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഉപഭോക്താക്കളെ ആകർഷിക്കുവാൻ കഴിയുന്ന ഖാദി ഉത്പന്നങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു.  ജില്ലാതല ഓണം ഖാദി മേളയുടെയും നവീകരിച്ച കർബല ഖാദി ഗ്രാമ സൗഭാഗ്യയുടെയും ഉദ്ഘാടനം കൊല്ലത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

കർഷകരിൽ നിന്ന് നെല്ലു സംഭരിച്ചതിനും അത് കുത്തി അരിയാക്കിയതിനും സ്പ്ലൈകോയ്ക്ക് 997 കോടി കുടിശ്ശിക നൽകേണ്ട ധനവകുപ്പ്  50 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്ന് KPCC പ്രസിഡണ്ട് കെ സുധാകരൻ MP കുറ്റപ്പെടുത്തി. ഇത് സ്പ്ലൈകോയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുമെന്നും ഓണക്കാല വിപണിയിടപെടലിന് സപ്ലൈകോയ്ക്ക് കഴിയാതെ വന്നാൽ വൻവിലക്കയറ്റത്തിലേക്ക് കാര്യങ്ങൾ ചെന്നെത്തിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

ഭക്ഷ്യവകുപ്പ് അടിയന്തരമായി 500 കോടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ധനവകുപ്പ് മുഖം തിരിക്കുകയാണ്. CPI ഭരിക്കുന്ന വകുപ്പുകളോട് ധനവകുപ്പിന് ചിറ്റമ്മനയമാണെന്നും സുധാകരൻ പറഞ്ഞു.

✪✪✪

ഗുണ്ടകളെയും ക്രിമിനലുകളേയും ഉപയോഗിച്ച് കള്ളവോട്ട് ചെയ്ത് CPIM സഹകരണ ബാങ്കുകൾ പിടിച്ചെടുക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിന് നൽകിയ പിന്തുണ യു.ഡി.എഫ് പിൻവലിക്കുകയാണെന്ന് അദ്ദേഹം പന്തളത്ത് മാധ്യമങ്ങളോട് പറഞ്ഞു. _

പത്തനംതിട്ട തുമ്പമൺ സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിൽ CPIM വ്യാപകമായി കള്ളവോട്ട് ചെയ്തെന്നും, ഇത് തടയാൻ ശ്രമിച്ച കോൺഗ്രസ്, യൂത്ത് കോൺഗ്രസ് പ്രവർത്തകരെ തല്ലിച്ചതയ്ക്കുകയാണ് പോലീസ് ചെയ്തതെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

✪✪✪

ഇന്ത്യയിൽ നിക്ഷേപം നടത്തുന്നത് സുരക്ഷിതമല്ല എന്ന രാഹുൽ ഗാന്ധിയുടെ പ്രസ്താവന ക്രൂരമാണെന്നും ഇന്ത്യയെ സാമ്പത്തികമായി തകർക്കുന്ന പ്രസ്താവനയാണെന്നും BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി പറഞ്ഞു.

ഹർ ഘർ തിരംഗ അഭിയാന്റെ ഭാഗമായി യുവമോർച്ചയുടെ നേതൃത്വത്തിൽ നടത്തിയ റാലി കണ്ണൂർ ചൊവ്വയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് ഹർ ഘർ തിരംഗ ക്യാംപെയിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ BJP തിരംഗയാത്രകൾ ആരംഭിച്ചു. 13 കേന്ദ്രങ്ങളിലാണ് തിരംഗയാത്രകൾ സംഘടിപ്പിക്കുന്നത്.

✪✪✪